ST. AUGUSTINE H.S.S.
KUTTANELLUR

# ധ്വനി

## Mission

അധ്യാപനമികവും നൂതന സാങ്കേതികതയും ആരോഗ്യ പരിപാലനവും നിറഞ്ഞു നിൽക്കുന്ന വിദ്യാലയ അന്തരീക്ഷത്തിൽ സാംസ്കാരിക തനിമയും തനതായ വ്യക്തിപ്രഭാവവുമുള്ള വിദ്യാർത്ഥി സമൂഹത്തെ സമൂഹനന്മക്കുതകുന്ന വിധത്തിൽ വാർത്തെടുക്കുക എന്നതാണ് സെന്റ് അഗസ്റ്റിൻ വിദ്യാലയ കുടുംബത്തിന്റെ ഉദ്ദേശ്യം. വൈവിധ്യമാർന്ന കുടുംബ, സാംസ്കാരിക പശ്ചാത്തലങ്ങളിൽ നിന്നുള്ള കുട്ടികളെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന അന്തരീക്ഷം ഞങ്ങൾ നിലനിർത്തുന്നു.

## Vision

എല്ലാ വിദ്യാർത്ഥികളെയും അവരുടെ വ്യക്തിപരമായ മികച്ച നേട്ടങ്ങൾ കൈവരിക്കാനും അവരുടെ വൈകാരികവും സാമൂഹികവും ശാരീരികവുമായ ക്ഷേമം കെട്ടിപ്പടുക്കാനും ഈ വിദ്യാലയം പ്രാപ്തരാക്കുന്നു.

# ഉള്ളടക്കം


1 ചരിത്ര താളുകളിലൂടെ.................................... 5

2 പ്രവേശനോത്സവം.............................................. 6

3 കലികാലം........................................................ 7

സോഷ്യൽ മീഡിയ............................................ 8,9

4 ഒരു കുഞ്ഞു താരകം........................................11

5 പരിസ്ഥിതി ദിനം............................................... 12

6 തരംഗ് ............................................................ 13,14

വിദ്യാലയം ...................................................... 15

7 വിശപ്പ്.............................................................16,17

8 ഇൻവെസ്റ്റിച്ചർ സെറിമണി.................................. 18

9 ആനുവൽ സ്പോർട്ട്സ് മീറ്റ്.................................. 19

10 നന്ദി.................................................................. 21

## എഡിറ്റോറിയൽ ബോർഡ്

ഫിനു ടി.ജെ
ആൻസി ജോർജ്

അമൻ കൃഷ്ണ .പി.ഷിബു
അമൻ അജ്മൽ
അനന്തു കൃഷ്ണ .വി.എസ്
നിവിൻ .കെ.എസ്
നീരജ് സന്തോഷ്
പ്രണവ് .കെ.പി.
കൃഷ്ണകാന്ത് .കെ.ആർ
ആൾഡിൻ .ഡി.ക്രൂസ്

ST. AUGUSTINE H.S.S.
CHARITY
LOVE
HELP
TRUTH
KUTTANELLUR

## ചരിത്ര താളുകളിലൂടെ...

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ നഗരത്തിന്റെ കിഴക്കൻ മേഖലയിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് സെന്റ്. അഗസ്റ്റിൻ എച്ച്. എസ്. എസ്. 1944ൽ ആരംഭിച്ച വിദ്യാലയത്തിന്റെ ആദ്യ പേര് രാജർഷി മെമ്മോറിയൽ യു.പി. സ്ക്കൂൾ എന്നായിരുന്നു. അഞ്ചാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെയായിരുന്നു ആദ്യത്തെ ക്ലാസ്സുകൾ. അതിനുശേഷം അപ്ഗ്രഡേഷൻ വന്ന് പത്താം ക്ലാസ്സ് വരെയായി. ശ്രീ. എ, ദേവസ്സി അക്കര ആയിരുന്നു സ്ഥാപകനും ആദ്യത്തെ ഹെഡ്മാസ്റ്ററും. രക്ഷാധികാരി ഷെവലിയർ അഗസ്റ്റിൻ അക്കര ആയിരുന്നു. 1955നു ശേഷം അഗസ്റ്റിൻ അക്കര ഹൈസ്ക്കൂൾ എന്ന പേര് നിലവിൽ വന്നു. ദേവസ്സി അക്കരയുടെ പിതാവായ ഷെവലിയർ അഗസ്റ്റിൻ അക്കരയുടെ സ്മരണാർത്ഥം ആണ് സ്ക്കൂളിന് അഗസ്റ്റിൻ അക്കര എന്ന പേര് നൽകിയത്. ഭാരതത്തിന്റെ ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനം അതിന്റെ ഉച്ചസ്ഥായിയിൽ എത്തി നിൽക്കുന്ന കാലഘട്ടത്തിൽ 1944ലാണ് ഈ വിദ്യാലയം ആരംഭിക്കുന്നത്. രാഷ്ട്ര നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി നാട്ടിലെ നാട്ടുഭാഷാ വിദ്യാലയങ്ങൾ ആരംഭിച്ചിരുന്ന അക്കാലത്ത് തന്റെ സാമൂഹ്യ സേവനത്തിന്റെ ഭാഗമായിട്ടുകൂടിയാണ് ശ്രീ. അക്കര ദേവസ്സി മാസ്റ്റർ ഈ വിദ്യാലയം സ്ഥാപിച്ചത്. 2013നു ശേഷം വിദ്യാഭ്യാസ വിചക്ഷണനും ക്രാന്തദർശിയുമായ പ്രൊഫ. പി. സി. തോമസ് മാസ്റ്ററുടെ കൈകളിലൂടെ പ്ലസ്ടു അപ്ഗ്രഡേഷൻ വന്ന് സെന്റ് അഗസ്റ്റിൻ എച്ച്. എസ്. എസ്. എന്ന നന്മയുടെ നിറദീപം ഇന്ന് അറിവിന്റെ ലോകത്തേക്ക് പുതിയ ചുവടുവെപ്പുകളുമായി മുന്നേറികൊണ്ടിരിക്കുകയാണ്.....

# പ്രവേശനോത്സവം 2023





ജൂൺ 1 വ്യാഴാഴ്ച്ച രാവിലെ 9:30 ന് വിദ്യാലയത്തിലെ പി.ടി എ പ്രസിഡന്റെ ശ്രീ.ജോൺകുട്ടിയുടെ നേതൃത്തിൽ വിവിധ പരിപാടികളോടെ ആരംഭിച്ചു.

പ്രവേശനത്തോടെ ആരംഭിച്ച പരിപാടി 27 -ാം ഡിവിഷനൻ കൗൺസിലർ ശ്രീമതി ശ്യാമള വേണുഗോപാൽ ഉത്ഘാടനം ചെയ്തു. സ്കൂൾ മാനേജർ സി. ഡോ. സോഫി പെരേപാടൻ മുഖ്യാതിഥിയായിരുന്ന പരിപാടിയില്



സി.റോസ് മേരി,ശ്രീമതി ഷമ്മിപ്പോൾ, ശ്രീമതി സിതാര. എം.പി,ശ്രീമതി രേഷ്മ പി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വിദ്യാർത്ഥികൾ അവതരിപ്പിച്ച വിവിധകലാപരിപാടികൾ പ്രവേശനോൽസവത്തിന് കൂടുതൽ നിറമേകി. വിദ്യാലയത്തിൽ പൂച്ചെണ്ടുകളും മധുര പലഹാരങ്ങളും നൽകി വരവേറ്റു സ്റ്റാഫ് സെക്രട്ടറി ശ്രീമതി ലിജി ജോൺ നന്ദിയർപ്പിച്ച് സംസാരിച്ചു.

# കലികാലം

കാലം കാലന്റെ കാലമായ്
മാറുന്നു. ഇരുട്ടിന്റെ
മറതേടി അലയുന്നു. എങ്ങും മയക്കം
മരുന്നിന്റെ ഭരണം. നെറ്റിന്റെ
വലയിൽ കുടുങ്ങുന്ന ലോകം.
കാലം കനക്കുന്നു. ലോകം നശിക്കുന്നു.
തോണ്ടുന്ന കുന്തത്തിൽ
തോണ്ടിക്കൊണ്ടിന്നു കളയുന്നു
സമയത്തിൻ വിലയേ. പഠിക്കാൻ
മറക്കുന്നു. കളിക്കാൻ മറക്കുന്നു.
ബന്ധങ്ങളെ പോലും ബന്ധിച്ച നാശിനി.
നമ്മുടെ നന്മക്ക് ക്ലേശമുണ്ടാക്കിയ
കാലത്തിൻ വിസ്മയം. വികസനം
സൃഷ്ടിച്ച ഈ മഹിയിൽ. എന്തും
പറ്റുന്നോരത്ഭുതം. നമ്മക്കു നല്ലത്
നാളേക്കു വേണ്ടത്. തുരന്നൊന്നു
നോക്കിയാൽ നന്മയില്ലാത്തത്
നാളേക്ക് ദൂഷിച്ചത്. അതികമായാൽ
അമൃതും വിഷമെന്നോർത്ത്
ജീവിക്കുക.



-നിവിൻ കെ.എസ്

# സോഷ്യൽ മീഡിയ




അത് നാം കൊതിക്കുന്ന ഒന്നാണ്,
അതില്ലാതെ നമുക്ക് കഴിയുമോ?
ഒരു സ്ക്രീനിലെ പിക്സലുകളിൽ നാം
അപ്രത്യക്ഷരായിട്ടുണ്ടോ?
ഓരോ ദിവസവും നമ്മൾ സമയത്തിന്റെ സ്നാപ്ഷോട്ടുകൾ എടുക്കുന്നു
നമ്മുടെ ജീവിതം എങ്ങനെയായി?
നമ്മൾ കണക്ഷൻ ആഗ്രഹിക്കുന്നു, എന്നിട്ടും സോഫയിൽ കിടക്കുന്നു
നമ്മൾ സ്വൈപ്പ് ചെയ്യുകയും സ്ക്രോൾ ചെയ്യുകയും ക്ലിക്കുചെയ്യുകയും
നമുക്ക് ചുറ്റുമുള്ളവരെ മറക്കുകയും ചെയ്യുന്നു.

നിർത്ത്.

ഷെൽഫിലെ ബോർഡ് ഗെയിമുകളിൽ നിന്നുള്ള പൊടി തട്ടുക,
ഇന്റർനെറ്റ് ഇല്ലാതെ സുഹൃത്തുക്കളോടൊപ്പം ക്യാമ്പിംഗിന്
പോകുക,
Google-നേക്കാൾ, നിങ്ങൾക്ക് അറിയാവുന്ന ആരോടെങ്കിലും
ചോദിക്കുക,
നാം യഥാർത്ഥത്തിൽ നിന്ന് വഴുതിവീഴുകയാണ്.
ലോഹത്തിന്റെയും വൈദ്യുതിയുടെയും ഈ
ദീർഘചതുരങ്ങൾക്ക് അടിമ.

~ആൾഡിൻ ഡിക്രൂസ്

# സോഷ്യൽ മീഡിയ എങ്ങനെ ഒരു പ്രായോഗിക ഉറവിടമായി മാറി...

ഇന്നത്തെ യുവാക്കളോട് ഏത് പത്രമാണ് വായിക്കുന്നതെന്ന് ചോദിച്ചാല് 99 ശതമാനം പേരും വായിക്കുന്നില്ല. എന്നിരുന്നാലും, ലോകമെമ്പാടും എന്താണ് സംഭവിക്കുന്നതെന്ന് അവർ അപ്ഡേറ്റ് ചെയ്തിട്ടില്ലെന്ന് ഇതിനർത്ഥമില്ല.

പത്രങ്ങൾ പോലുള്ള പരമ്പരാഗത വാർത്താ ഫോർമാറ്റുകൾക്ക് പകരം, ഇന്നത്തെ യുവാക്കൾ സോഷ്യൽ മീഡിയയിൽ നിന്ന് ഏറ്റവും പുതിയ വാർത്തകളുടെ ദൈനംദിന കാര്യങ്ങൾ നേടാൻ ഇഷ്ടപ്പെടുന്നു. അതിരാവിലെ എഴുന്നേറ്റ് പത്രം വായിക്കുന്ന കാലം കഴിഞ്ഞു. ഇപ്പോൾ, നമ്മൾ  നേരത്തെ എഴുന്നേറ്റ് ഇന്റർനെറ്റിൽ നിന്ന് ദൈനംദിന വാർ-ത്തകൾ വായിക്കാൻ യാത്രയിൽ ഞങ്ങളു-ടെ സ്മാർട്ട്ഫോണു-കൾ പുറത്തെടു-ക്കുന്നു.



~ആൽഡിൻ ഡിക്രൂസ്



2023 ആഗസ്റ്റ് 25

# ഓണാഘോഷം

2023-24 അധ്യയന വർഷത്തെ ഓണാഘോഷം വിവിധ കലാപരിപാടികളോടുകൂടെ ആഘോഷിച്ചു. ഓണപ്പൂക്കളം, വടംവലി, സുന്ദരിക്ക് പൊട്ടുകുത്തൽ, കസേരകളി, പായസവിതരണം, മാവേലി വരവേൽപ്പ് തുടങ്ങിയ വിവിധയിനം പരിപാടികളോടെ അധ്യാപകരും വിദ്യാർത്ഥികളും ഓണത്തെ വരവേറ്റു...







## 2023 ജൂൺ

# ലഹരി വിരുദ്ധ ദിനം

ലോക ലഹരി വിരുദ്ധ ദിനത്തിൽ സീനിയർ സിവിൽ പോലീസ് ഓഫീസർ ശ്രീ. മോഹൻകുമാറിന്റെ നേതൃത്വത്തിൽ ലഹരിയും വിദ്യാർത്ഥികളും എന്ന വിഷയത്തിൽ വിദ്യാർത്ഥികൾക്ക് ക്ലാസ്സ് നൽകുകയുണ്ടായി. ലഹരിയുടെ ദുരുപയോഗങ്ങളെ പറ്റി നയിച്ച ക്ലാസ്സ് വിദ്യാർത്ഥികൾ വളരെ ഗുണപ്രദമായിരുന്നു. പ്രധാന അധ്യാപിക ശ്രീമതി അനു ആനന്ദ് അധ്യക്ഷത വഹിച്ച യോഗത്തിൽ സ്റ്റാഫ് സെക്രട്ടറി ശ്രീമതി ലില്ലി ജോൺ നന്ദിയർപ്പിച്ചു





.....................................................................

# ഒരു കുഞ്ഞു താരകം

അങ്ങകലെ നിന്നും താഴേക്കു നോക്കി
കണ്ണീരൊഴുക്കുന്നൊരു കുഞ്ഞുതാരകം
നിന്നെ പിടയുന്ന മാതാപിതാക്കളെ
കണ്ടു വിതുമ്പി കരഞ്ഞിടുന്നു അവൾ
കണ്ണീരൊഴുക്കി കരഞ്ഞിടുന്നു.
പൊന്നുമക്കളോടൊത്തു ഓടികളിച്ചവൾ
പൂമ്പാറ്റയെ പോലെ പാറികളിച്ചിരുന്നവൾ
ഒരു കുഞ്ഞു പൂവായ് വിരിയുന്നതിൻ മുൻപേ
പുഴു തിന്നു താഴെ വീണ പിടഞ്ഞവൾ
ക്രൂരത പത്തി വിടർത്തി നിന്നാടുമ്പോൾ
വേദനയോടെ പിടഞ്ഞു കരഞ്ഞവൾ
ഒന്നെതിർക്കാൻ പോലുമാകാതെ പിഞ്ചിളം
പൊൻമേനി തല്ലി ചതഞ്ഞു മരിച്ചവൾ
പുഞ്ചിരിക്കുന്ന നിൻ പൊന്മുഖം കാണുമ്പോൾ
നെഞ്ചകം പൊട്ടി ചിതറി പോയി.
എന്തിനു പെണ്ണായ് ജനിച്ചു ഈ മന്നിൽ ഞാൻ
ഇനിയും ശിരസ്സുമായ് നിന്നെന്തിനു
ക്രൂരരാം ചെന്നായ്ക്കളെ കൊല ചെയ്യുവാൻ
പെണ്ണായവൾ നാം പോലും കൊതിക്കുന്നു
മിന്നി തിളങ്ങുന്ന നക്ഷത്രമായി നീ
കണ്ണീരൊഴുക്കി കരഞ്ഞു നിന്നീടുമ്പോൾ
കൂടെ നിനക്കായ് ഒഴുകുവാൻ കണ്ണീർ
കണ്ണീർ പകരം ബാക്കിയുള്ളൂ—
കണ്ണീർ പകരം ബാക്കിയുള്ളൂ—

— നീരജ് സന്തോഷ്



2023, ജൂൺ 5

## പരിസ്ഥിതി ദിനം

ജൂൺ 5പരിസ്ഥിതിദിനത്തോടനുബന്ധിച്ച് പരിസ്ഥിതിക്വിസ് മത്സരവും,പരിസ്ഥിതി കവിതാപാരായണം,പ്രതിജ്ഞ,പേപ്പർ ബാഗ് നിർമ്മാണം എന്നിവയും വിദ്യാലയക്യാമ്പസ്സിൽ വിവിധ തൈകൾ നടുകയും ചെയ്തു. പ്രധാന അധ്യാപിക അനുടീച്ചർ പരിസ്ഥിതി ദിന സന്ദേശം നൽകുകയും ചെയ്തു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നടത്തിയ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനവും പ്രസ്തുത ചടങ്ങിൽ വച്ച് നൽകുകയും ചെയ്തു.

# തരംഗ് 2023

ഈ വർഷത്തെ യുവജനോൽസവം തരംഗ് 2023 സെപ്റ്റംബർ 6,7 തിയ്യതികളിൽ നടത്തപെട്ടു. പ്രശസത പിന്നണി ഗായകൻ മനോജ്കമമത്ത് യുവജനോൽസവം ഉത്ഘാടനം ചെയതു. വിവിധ മൽസരഇനങ്ങളിൽ 400-ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു.4 ഗ്രൂപ്പുകളായി തിരിഞ്ഞ് നടത്തിയ വാശിയേറിയ മൽസരങ്ങൾ എല്ലാലവർകും കണ്ണിനും കാതിനും കളിർമ്മയേകി.









ധ്വനി


ST. AUGUSTINE H.S.S


ST. AUGUSTINE H.S.S
















# വിദ്യാലയം

**ത**ളിർക്കുന്ന പൂക്കലം കഴിയും മുമ്പേ
വിടരാതെ പോയെൻ പൂക്കളും ഇന്ന് ഈ
മുറ്റത്ത് ..

**ഒ**രുവസന്തം തീർന്ന നേരം അമ്മതൻ
കൈകളേന്തി വന്നതും കരഞ്ഞും
വാശിപിടിച്ചതും ഇന്നും മനസ്സിൽ കിടപ്പുണ്ട
നിവർന്നു കിടക്കും വരാന്തകൾ പിന്നീട്ടു
പോയതും അവസാനമായി കണ്ട
ക്ലായ്മുറിയും ഇനീ നിമിഷം എൻ ഉള്ളിൽ
തെളിഞ്ഞുവരുന്ന പ്രകാശമായ് ..

**ഓ**രോ ദിനവും കഴിയുമ്പോഴും
അറിഞ്ഞിരുന്നില്ല ഞാൻ..
ഈ കഴിയുന്നത് എൻ ജീവിതത്തിൽ
വിരാത്ത പൂവാണെന്ന.

അനുശ്രീ.വി




# വിശപ്പ്

അവളെന്റെ ചോറുപാത്രം തട്ടിയപ്പോൾ എന്റെ കഴിഞ്ഞുപോയ ദാരിദ്ര്യം പിടിച്ച കാലം എനിക്ക് ഓർമ്മ വന്നു. അമ്മയ്ക്കു ഞങ്ങൾ മൂന്നു മകളായിരുന്നു. ഞാനാണ് മൂത്തത് എനിക്കു താഴെ അനുജനും അനിയത്തിയും ആണ്. ചെറുപ്പത്തിൽ തന്നെ അച്ഛൻ നഷ്ടപ്പെട്ടതുകൊണ്ട് അമ്മയാണ് എല്ലാം കാര്യങ്ങളും നോക്കിയിരുന്നത്. അടുത്തുള്ള റബ്ബർ തോടത്തിൽ നിന്ന് വിറക് ശേഖരിച്ച് അത് മറ്റുള്ളവർക്ക് വിറ്റാണ് ദിവസം കഴിഞ്ഞിരുന്നത്. ഉണ്ണാതോ ഉടുതാനോഉള്ളത് കഷ്ടിച്ചാണ്. പല ദിവസങ്ങളിലും അമ്മയും അങ്ങളുംഅരവയർ നിറക്കാൻ നല്ലാതെ പട്ടിണിയിലായിരുന്നു. അതുകൊണ്ട് തന്നെ പിന്നിട് ഞാൻ അമ്മയെ സഹായിക്കാൻ വേണ്ടി പല പല ചെറു ജോലികൾ മറ്റുള്ളവർക്ക് ചെയ്യ്ത് കൊടുത്ത് കിട്ടുന്നത് കൊണ്ട് പട്ടിണിയില്ലാതെ ജീവിക്കാൻ തുടങ്ങി.

അങ്ങനെ കാലം കഴിഞ്ഞു പോയി
പട്ടിണിയുടെ വില മനസ്സിലാത്തത് കൊണ്ട്
തന്നെ ഞങ്ങൾ മൂന്ന് പേരും അത്യാവശ്യം
തരക്കേടില്ലാത്ത രീതിയിൽ കഴിയുന്നു
ഞാനൊരു കമ്പനിയിൽ ജോലിച്ചെയ്യുന്നു.
കൂടെ ജോലിചെയ്യുന്നവരിൽ ഒരാൾ
അറിയാത തട്ടിയ ചോറുപാത്രം അതിലെ
ചോറ്റ വറ്റുകൾ ഇന്നത്തെ കഴിഞ്ഞ
കാലത്തേക്ക് തിരിഞ്ഞു നോക്കാൻ
ഇടവരുത്തി. വിശപ്പ് അതൊരു ദുഃഖം
തന്നെ. മറക്കാൻ കഴിയാത്ത ദുഃഖം.

ഐശ്വര്യ.കെ.എസ്





# ഇൻവെസ്റ്റീച്ചർ സെറിമണി












2023–24 അധ്യയനവർഷത്തെ സ്കൂൾ പാർലിമെന്റിന്റെ സ്ഥാനാരോഹണം ADNO പ്രദീപ് സാർ നിർവ്വഹിച്ചു. ഈ വർഷത്തെ സ്കൂൾ ലീഡറായി അഖിൽ ഫ്രാങ്കോയെയും Asst. ലീഡറായി ലക്ഷമി വി. എസും സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റെടുത്തു. സ്കൂൾ ലീഡർ മറ്റു മന്ത്രിമാർക്ക് സത്യപ്രതിജ്ഞ വാചകം ചൊല്ലി കൊടുത്തു. പ്രധാന അധ്യാപികയായ അനു ടീച്ചർ അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്റ്റാഫ് സെക്രട്ടറി ലിജി ടീച്ചർ നന്ദി പറഞ്ഞു.പാർലിമെന്റ ടീച്ചർ നന്ദി പറഞ്ഞു.
















# ആന്വൽ സ്പോർട്സ് മീറ്റ്

**നവംബർ 21,22**

**2023-24 അധ്യായന വർഷത്തെ കായിക മേള നവംബർ 21,22 തിയ്യതികളിൽ നടത്ത വിവിധ കായിക മത്സരങ്ങളിൽ പങ്കെടുത്ത് സംസ്ഥാന തലത്തിൽ സമ്മാനങ്ങൾ വാരിക്കൂട്ടിയ വിധ്യാർത്ഥികളായ അപർണ്ണ സജീവ്,ആഞ്ചലീന ബിനോയ് എന്നിവർ വിദ്യാലയത്തിന്റെ മാനേജർ സി.റോസ് മേരിയിൽ നിന്നും ഏറ്റുവാങ്ങി. നാല് ഹൗസുകളുടേയും മാർച്ച് പാസ്റ്റോടുകൂടി ആരംഭിച്ച കായിക മേളയിൽ രണ്ടു ദിവസങ്ങളിലായി നടന്നു. വിജയികൾക്കുള്ള സമ്മാന വിതരണവും അന്നേ ദിവസം നൽകുകയുണ്ടായി.**

# Little Kites 2021-2025



# നന്ദി

സ്വപ്നത്തിൽ നിന്നും യാഥാർത്ഥ്യത്തിലേക്കുള്ള ദൂരം

അകലെയല്ല എന്ന് തെളിയിച്ചുകൊണ്ട്

'ധ്വനി' ഒരു യാഥാർത്ഥ്യമായി തീരുമ്പോൾ

ഒരു വാക്ക് ഒരേ ഒരു വാക്ക്

നന്ദി...... ഒരുപാട് നന്ദി......

ധ്വനിയുടെ അണിയറപ്രവർത്തകർക്കും

സ്വപ്നസാക്ഷാത്ക്കാരത്തിനു

ചുക്കാൻപിടിച്ച ഓരോരുത്തർക്കും

ലിറ്റിൽ കൈറ്റ്സിന്റെ ഹൃദയംനിറഞ്ഞ നന്ദി..

സെന്റ്. അഗസ്റ്റിൻ എച്ച്. എസ്. എസ്

കുട്ടനെല്ലൂർ